ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റി "കാരുണ്യ ഹസ്തം കുടുംബ സുരക്ഷാ & പെൻഷൻ പദ്ധതി"

മാർഗ്ഗ നിർദേശകങ്ങളും വ്യവസ്ഥകളും

1- കേവലം അപേക്ഷയും സംഭാവനയും നൽകി അംഗമാകുന്നത് കൊണ്ട് മാത്രം ഈ പദ്ധതിയിൽ നിന്ന് അംഗങ്ങൾ ആനുകൂല്യങ്ങൾക്ക് അർഹരാവുന്നതല്ല. മറിച്ചു പദ്ധതിയുടെ നിയമാവലി പ്രകാരം അംഗമായിട്ടുള്ളവർക്ക് മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.. ആനുകൂല്യങ്ങൾക്ക് വേണ്ടി അപേക്ഷ നൽകുന്ന സമയത്ത് അംഗത്വം നിയമാവലി പ്രകാരം സാധുവാണോ എന്ന് പരിശോധിച്ചിട്ടു മാത്രമേ പരിഗണനക്കെടുക്കുകയുള്ളു. പദ്ധതിയിൽ മെമ്പർമാരെ ചേർക്കുന്നതിനു മുൻപായി കെ.എം.സി.സി ഭാരവാഹികളും കോർഡിനേറ്റർമാരും നിർബന്ധമായും പുതുക്കിയ പദ്ധതി നിയമാവലി വായിച്ചു മനസ്സിലാക്കിയിരിക്കണം (പുതിയ അപേക്ഷാ ഫോറത്തിന്റെ രണ്ടാം പേജിൽ ഭാഗികമായും, സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റിൽ www.kmcconline.info പൂർണ്ണമായും നിയമാവലി ലഭ്യമാണ്). അംഗങ്ങളാക്കുന്നവരോട് ബെലോ വായിച്ചു മനസിലാക്കി മാത്രം അംഗത്വം എടുക്കാൻ ആവശ്യപ്പെടുക.

2- പദ്ധതിയുടെ കാലാവധി എല്ലാ വർഷവും ഡിസംബർ 31 ന് അവസാനിക്കും, തുടർന്നും പദ്ധതിയിൽ അംഗത്വം ആഗ്രഹിക്കുന്നവരും പുതിയതായി പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവരും ഡിസംബർ 31 ന് മുൻപായി കുടുംബ സുരക്ഷാ പദ്ധതിയുടെ പുതിയ ഫോറം പൂരിപ്പിച്ച് സംഭാവനാ വിഹിതം നൽകി അംഗത്വം പുതുക്കേണ്ടതാണ്. www.kmcconline.info എന്ന സംഘടനയുടെ ഔദ്യോഗിക വെബ് സൈറ്റിലൂടെയും അംഗത്വ നടപടികൾ പൂർത്തിയാക്കാവുന്നതാണ്.

3- മെമ്പർമാരെ ചേർക്കുമ്പോൾ, കൂപ്പണും, അപേക്ഷാ ഫോറവും നിർബന്ധമായും പൂരിപ്പിച്ചിരിക്കണം, പൂരിപ്പിച്ച ഫോറത്തിൽ നിന്നും കൂപ്പൺ മുറിച്ചെടുത്ത് മെമ്പർമാർക്ക് നൽകുകയും, കൂപ്പൺ മുറിച്ചെടുത്ത് സൂക്ഷിക്കാൻ നിർദ്ദേശവും നൽകണം. എന്നാൽ ഔദ്യോഗിക അംഗമാണ് എന്ന് സ്ഥിരീകരിക്കുന്നത് ഓണലൈനിൽ അപേക്ഷകന്റെ അംഗത്വ വിവരങ്ങൾ ഉണ്ടെങ്കിൽ മാത്രമായിരിക്കും വേറെ ഏതെങ്കിലും തരത്തിലുള്ള കാർഡുകൾ ഇതുമായി ബന്ധപ്പെട്ടു പിന്നീട് വിതരണം ചെയ്യുന്നതല്ല. സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയും ഓൺലൈൻ ആയി അംഗത്വ നടപടികൾ പൂർത്തിയാക്കാവുന്നതാണ്.

4- അംഗങ്ങളെ ചേർത്ത് കഴിഞ്ഞാൽ അപേക്ഷാഫോറം അതാത് ഏരിയ / ജില്ല / മണ്ഡലം / പഞ്ചായത്ത് കോർഡിനേറ്റർമാർ വെബ്സൈറ്റിൽ കോർഡിനേറ്റർ ആയി റെജിസ്റ്റർ ചെയ്തു www.kmcconline.info ഓൺലൈൻ എൻട്രി നടത്തി പ്രിന്റ് എടുത്തു ഫണ്ട് സഹിതം പ്രിന്റ് ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റിക്ക് എത്തിച്ച് നൽകേണ്ടതാണ്. പദ്ധതി കാലയളവ് ഒരു വർഷം അവസാനിക്കുന്നത് വരെ നിർബന്ധമായും അപേക്ഷാഫോറം അതാത് കമ്മിറ്റികൾ സൂക്ഷിക്കേണ്ടതാണ്,

5- പദ്ധതിയിൽ ചേരുന്ന വ്യക്തിയുടെ ഒപ്പും തിയ്യതിയുമില്ലാത്ത അപേക്ഷാ ഫോറം ഒരിക്കലും സ്വീകരിക്കരുത്.

6- ജിദ്ദ കെഎംസിസി സെൻട്രൽ കമ്മറ്റി പ്രഖ്യാപിച്ച അവസാന തീയ്യതിക്ക് മുൻപായി ഫോമുകൾ എത്തിച്ച് നൽകാതിരിക്കുകയോ, അതിന് ശേഷവും അംഗങ്ങളെ ചേർക്കുകയോ ചെയ്യുന്ന പക്ഷം, ഇക്കാര്യത്തിൽ സെൻട്രൽ കമ്മറ്റിക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. അങ്ങിനെ ചെയ്യുന്നത് ബോധ്യപ്പെട്ടാൽ അത്തരം കമ്മിറ്റികളുടെ മേൽ നടപടികൾ എടുക്കുന്നതാണ് .പ്രസ്തുത സമയങ്ങളിൽ ഉണ്ടാവുന്ന അത്യാഹിതങ്ങൾക്ക് യാതൊരു വിധ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതല്ല.

7 - പദ്ധതി അംഗത്വ ക്യാമ്പയിൻ കാലത്ത് ഏതു ദിവസങ്ങളിൽ അംഗത്വം നേടിയാലും, തൊട്ടു മുൻ വർഷം അംഗമല്ലാതെ ആദ്യമായി പദ്ധതിയിൽ ചേരുന്നവരുടെ അംഗത്വം മാർച്ച് ഒന്ന് മുതൽ ഡിസംബർ 31 വരേയായിരിക്കും, ഈ കാലയളവിൽ നടക്കുന്ന അത്യാഹിതങ്ങൾ മാത്രമേ ആനുകൂല്യങ്ങൾക്കായി പരിഗണിക്കുകയുള്ളൂ. നേരത്തേ പദ്ധതിയിൽ അംഗമായവർ ഡിസംബർ 31 നു മുമ്പ് അംഗത്വം പുതുക്കുന്നതോടെ പുതിയ വർഷം മുഴുവൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്തെങ്കിലും കാരണത്താൽ ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റി അംഗത്വ ക്യാമ്പയിൻ കാലാവധി ഡിസംബർ 31 നു ശേഷം നീട്ടി നൽകിയാൽ ഡിസംബർ 31 നു മുമ്പായി മുൻവർഷ അംഗത്വം പുതുക്കാത്തവർക്ക് പ്രസ്തുത നീട്ടി നൽകിയ സമയങ്ങളിൽ അംഗത്വം പുതുക്കുന്നത് വരെയുള്ള നീട്ടി നൽകിയ കാലയളവിൽ സംഭവിക്കുന്ന അത്യാഹിതങ്ങൾക്ക് യാതൊരു വിധ ആനുകൂല്യങ്ങളും ലഭ്യമാകുന്നതല്ല .

8 - മെമ്പർമാരെ ചേർക്കുന്ന കാലാവധി അവസാനിച്ചാൽ ബാക്കിയായ അപേക്ഷാ ഫോറങ്ങൾ നിർബന്ധമായും അതാതു കമ്മിറ്റികൾ തിരിച്ചു ഓഫിസിൽ എത്തിക്കണം, പിന്നീട് പലരൂപത്തിലുമുള്ള ദുരുപയോഗത്തിന് സാധ്യതയുള്ളതിനാൽ ഇക്കാര്യത്തിൽ എല്ലാ കമ്മിറ്റികളും കണിശത പാലിക്കേണ്ടതാണ് .

9 - പദ്ധതിയുടെ ഫോമിന്റെ കോപ്പി ഉപയോഗിക്കുമ്പോൾ അതാത് കമ്മറ്റികൾ ആ ഫോറത്തിൽ സീൽ പതിക്കുകയോ പ്രസിഡണ്ട് / സെക്രെട്ടറി മാരുടെ ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്യണം. ദുരുപയോഗത്തിന് സാധ്യതയുള്ളതിനാൽ കമ്മറ്റികൾ ഇക്കാര്യത്തിൽ നിഷ്കർശത പുലർത്തണം. പരിചിതനായ കെ.എം.സി.സി പ്രവർത്തകരിൽ നിന്ന് മാത്രം അപേക്ഷാ ഫോറങ്ങൾ വാങ്ങി പദ്ധതിയിൽ ഭാഗവാക്കാൻ പാടുള്ളൂ എന്ന വിഷയം അതാത് കമ്മിറ്റികൾ യോഗങ്ങളിൽ കൃത്യമായി അറിയിക്കണം.

10 - പദ്ധതിയുമായി ബന്ധപ്പെട്ട ഏതു വിവരങ്ങൾക്കും സെൻട്രൽ കമ്മിറ്റിയുമായി ബന്ധപ്പെടാവുന്നതാണ് ..

11 - പഴയ മെമ്പർമാരുടെ കാര്യത്തിൽ പുതിയ ഫോറം മുഴുവനായി പൂരിപ്പിക്കണം എന്നില്ല, പകരം സൈറ്റിൽ കയറി ഇഖാമ നമ്പർ അടിച്ച് നോക്കിയാൽ വിവരങ്ങൾ

അറിയാൻ കഴിയും, അതിൽ ഏതെങ്കിലും കോളങ്ങൾ വിട്ട് പോയിട്ടുണ്ടെങ്കിൽ അതുകൂടി പൂരിപ്പിച്ചാൽ മതിയാവും.

12 - ചേർത്തിയ അംഗങ്ങളെ മുഴുവൻ സൈറ്റിൽ ആക്റ്റീവ് ആയിട്ടുണ്ടെന്ന് കോർഡിനേറ്റർമാർ ഉറപ്പ് വരുത്തേണ്ടതാണ് . അംഗങ്ങളായി ചേർത്തിയവരെ അപ്പ്രൂവ് ചെയ്താൽ അവരോട് കൂടി അംഗത്വം പരിശോധിക്കാൻ ആവശ്യപ്പെടുകയും, ഏതെങ്കിലും അപാകതകൾ ബോധ്യപ്പെട്ടാൽ സെൻട്രൽ കമ്മിറ്റിയുമായി ബന്ധപെട്ടു ശരിയാക്കേണ്ടതാണ് .

13 - പ്രവാസം നിർത്തി നാട്ടിൽ കൂടിയവർക്ക് , 2021 ൽ പ്രവാസിയായോ /എക്സ് പ്രവാസിയായോ അംഗത്വവും 2015 മുതൽ നടപ്പ് വർഷം വരെ ഏതെങ്കിലും 2 വർഷങ്ങളിലും ടോട്ടൽ മൂന്ന് വർഷം അംഗമായിരുന്നവർക്ക് 1200 രൂപ നൽകി നാട്ടിൽ നിന്ന് എക്സ് പ്രവാസിയായി പുതിയ വർഷം അംഗമാകാവുന്നതാണ്. നാട്ടിൽ നിന്ന് അംഗമാവാൻ അർഹരായ എക്സ് പ്രവാസികൾ അവരുടെ ജിദ്ദയിലെ പഞ്ചായത്ത്/മണ്ഡലം/ഏരിയ/ജില്ലാ ഏതെങ്കിലും കമ്മിറ്റികളുമായി ബന്ധപെട്ടു ഇഖാമ നമ്പർ നൽകി ഓൺലൈനിൽ എക്സ് പ്രവാസി ഓപ്ഷൻ സെലെക്റ്റ് ചെയ്തു രജിസ്റ്റർ ചെയ്യുവാൻ പറയുക. രജിസ്റ്റർ ചെയ്തു എന്ന് ഉറപ്പായ ശേഷം നാട്ടിലെ പദ്ധതിയുടെ അക്കൗണ്ടിൽ 1200 രൂപ സംഭാവന അടച്ചു റെസിപ്റ്റ് ജിദ്ദയിലെ ബന്ധപ്പെട്ട പഞ്ചായത്ത്/ മണ്ഡലം/ഏരിയ/ജില്ലാ കോർഡിനേറ്റർ മുഖാന്തിരം സെൻട്രൽ കമ്മിറ്റിയിൽ എത്തിച്ചു അപ്പ്രൂവൽ ചെയ്യിപ്പിച്ചു അംഗത്വ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. എക്സ് പ്രവാസിയായി ചേർന്നവരിൽ 60 വയസും 5 വർഷ അംഗത്വവും ഉള്ളവരെ പെൻഷൻ സ്കീമിലും മറ്റുള്ളവർ സുരക്ഷാ സ്കീമിലും അംഗമായിരിക്കും. പെൻഷൻ സ്കീമിലുള്ളവർ മരണാനന്തര/ചികിത്സാ ആനുകൂല്യത്തിന് അർഹരല്ല. അവർക്ക് പെൻഷൻ ആനുകൂല്യം മാത്രമായിരിക്കും. പെൻഷൻ അർഹരായവർ എല്ലാ വർഷവും അവരുടെ അംഗത്വം പുതുക്കിയാൽ മാത്രമേ അതാത് വർഷങ്ങളിൽ പെൻഷൻ ലഭിക്കുകയുള്ളൂ. വർഷാ വർഷം അംഗത്വം പുതുക്കാത്തവർക്ക് പ്രസ്തുത വർഷങ്ങളിൽ പെൻഷൻ ലഭിക്കുന്നതല്ല.

14 - പദ്ധതി ആനുകൂല്യം ലഭ്യമാക്കാനെന്ന എന്ന ഉദ്ദേശത്തോടെ മുൻ വർഷം അംഗമല്ലാത്ത ഗുരുതര രോഗങ്ങൾക്ക് വിധേയരാവരെ അംഗമാക്കാതിരിക്കുക. അങ്ങിനെ അംഗമാക്കിയതായി ബോധ്യപ്പെട്ടാൽ പ്രസ്തുത അംഗത്വം അസാധുവായിരിക്കും. യാതൊരു വിധ ആനുകൂല്യങ്ങൾക്കും അവർ അർഹരായിരിക്കില്ല. ആനുകൂല്യങ്ങൾക്ക് വേണ്ടി അപേക്ഷ ലഭിക്കുമ്പോൾ അംഗത്വം നിയമാവലി അനുസരിച്ചു സാധുവാണെന്ന് പരിശോധിച്ച ശേഷം മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ. പദ്ധതിയിൽ അംഗമാവുന്നതിന് മുമ്പ് കണ്ടെത്തിയ രോഗത്തിനോ അതിന് തുടരുന്ന ചികിത്സക്കോ അത് മൂലമുണ്ടാവുന്ന മരണത്തിനോ പദ്ധതിയിൽ നിന്ന് യാതൊരു വിധ ആനുകൂല്യങ്ങളും നൽകുന്നതല്ല. പദ്ധതി അംഗമായി കാലയളവിൽ പുതുതായി കണ്ടെത്തി ചികിത്സ തേടുന്ന രോഗത്തിനും , മരണത്തിനും മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂ.

15- അതാത് പദ്ധതി വർഷം ജനുവരി ഒന്നിന് മുമ്പ് നാട്ടിൽ അവധിക്ക് പോയി വാലിഡ് ഇഖാമ ഇല്ലാത്തവരെയോ, പ്രവാസം നിർത്തി നാട്ടിൽ നിന്നും അംഗത്വം തുടരാൻ അർഹരല്ലാത്തവരെയോ ജിദ്ദയിൽ നിന്നും അംഗമാക്കാതിരിക്കുക. അവധിക്ക് പോയവർ ഇഖാമ വാലിഡിറ്റി കഴിയുന്നതിന് മുമ്പ് 100% തിരിച്ചു വരുമെന്ന ഉറപ്പുള്ളവരെ മാത്രമേ ജിദ്ദയിൽ നിന്നും അംഗമാക്കാൻ അനുമതിയുള്ളൂ. ഇഖാമ EXPIRE ആയി അദ്ദേഹത്തിന് പ്രസ്തുത വർഷം തിരിച്ചു വരാൻ കഴിയാതെ വന്നാൽ അദ്ദേഹത്തിന്റെ അംഗത്വം അസാധുവാകുന്നതും യാതൊരു വിധ ആനുകൂല്യങ്ങൾക്കും അർഹനായിരിക്കില്ല.

അവർ എക്സ് പ്രവാസിയായി ചേരാൻ അർഹരാണെങ്കിൽ അവരെ എക്സ്-പ്രവാസി എന്നത് ഓപ്റ്റ് ചെയ്തു അംഗമാക്കാവുന്നതാണ്. തുടർച്ചയായി അംഗമാവുന്നവർക്ക് അംഗത്വം കാലാവധി അവസാനിക്കുന്നതിനുമുമ്പായി എല്ലാവർഷവും അംഗത്വ ക്യാമ്പയിൻ സമയത്ത് ഡിസംബർ 31 നു മുമ്പായി പുതുക്കാവുന്നതാണ്.

പദ്ധതി ബൈലോ മുഴുവൻ വായിച്ചു സമ്മതമെങ്കിൽ മാത്രം ഈ പദ്ധതിയിൽ അംഗമായാൽ മതി. നിയമാവലി ലംഘിച്ച് കൊണ്ട് പദ്ധതിയിൽ അംഗമാക്കിയത് കണ്ടെത്തുന്നത് എപ്പോഴാണോ തത്സമയം പ്രസ്തുത അംഗത്വം ക്യാൻസൽ ചെയ്യുന്നതാണ് അതല്ലെങ്കിൽ മറ്റു വല്ല വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഒരാളുടെ അംഗത്വം സ്വീകരിക്കുന്നതിനും ഏത് സമയവും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണാധികാരം ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

16 - എത്ര വർഷം അംഗത്വം നേടിയാലും ഒരു രോഗത്തിന് ഒരു തവണ മാത്രമേ പദ്ധതിയിൽ നിന്നും ചികിത്സാ സഹായം നൽകുകയുള്ളൂ.

17 -പദ്ധതിയിൽ തുടർച്ചയായി അംഗത്വം എടുത്തിട്ടുള്ള മെമ്പർമാർക്ക് പുതിയ അംഗത്തെക്കാൾ ചികിത്സാ സഹായ ആനുകൂല്യങ്ങൾക്ക് പരിഗണന ലഭിക്കുന്നതാണ് .

18 - നേരത്തേ മാരക രോഗങ്ങൾക്ക് ചികിത്സ തേടിക്കൊണ്ടിരിക്കുന്നവരെ മെമ്പർമാരാക്കി ചികിത്സാ സഹായം ആവശ്യപ്പെട്ടതായും കമ്മറ്റിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്, പദ്ധതി ധാർമ്മികത മുൻനിർത്തി ഇത്തരം കേസ്സുകളിൽ ഒരു സഹായവും നൽകുന്നതല്ല, നിയമാവലിയിൽ പറഞ്ഞ രോഗങ്ങൾ, പദ്ധതി കാലയളവിൽ പുതുതായി കണ്ടെത്തുന്നവക്ക് മാത്രമേ സഹായം നൽകുകയുള്ളൂ. പദ്ധതിയിൽ അംഗമാവുന്നതിന് മുമ്പ് കണ്ടെത്തിയതോ ചികിത്സ തുടരുന്നതോ ആയ രോഗങ്ങൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നതല്ല. അനുകൂല്യത്തിനുള്ള അപേക്ഷ അംഗത്വം സാധുവാണെന്ന് ഉറപ്പ് വരുത്തിയ ശേഷമേ പരിഗണിക്കുകയുള്ളൂ.

19 - എന്നാണോ അപേക്ഷകളും /ഓൺലൈൻ പ്രിന്റും ഫണ്ടും KMCC സെൻട്രൽ കമ്മിറ്റി ഓഫിസിൽ കൈപറ്റുന്നത് അതിന് തൊട്ടടുത്ത ദിവസം മുതലുള്ള അത്യാഹിതങ്ങൾ മാത്രമേ ആനുകൂല്യങ്ങൾക്കായി പരിഗണിക്കുകയുള്ളൂ, ഇതിൽ ഒരു വിട്ടുവീഴ്ച്ചയും ഉണ്ടായിരിക്കുന്നതല്ല.

20 - പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഫിസിൽ എത്തിക്കുകയോ kmccjeddah123@gmail.com എന്ന ഈമെയിലിൽ അയക്കുയോ ചെയ്യേണ്ടതാണ്. സ്വകാര്യ ഇ.മെയിലിലേക്ക് അപേക്ഷകൾ അയച്ചാൽ കമ്മറ്റിക്ക് യാതൊരു ഉത്തരവാദിത്വവും അക്കാര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല.

21 - കേരളത്തിന് പുറത്തുള്ളവരെ ഒരു കാരണവശാലും പദ്ധതിയിൽ അംഗമാക്കുവാൻ പാടുള്ളതല്ല, അങ്ങിനെ ചെയ്താൽ അവർക്ക് യാതൊരു ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

22 - അപേക്ഷകന്റെ ഇന്ത്യയിലെ പൂർണ്ണമായ അഡ്രസ്സ് പട്ടികയിൽ നിർബന്ധമാണ്, ഇത് നിയമപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ളതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തരുത് എന്ന് അഭ്യർത്ഥിക്കുന്നു.

23 . പ്രവാസികൾക്ക് കുടുംബിനികളെ അംഗമാക്കാമെങ്കിലും പ്രവാസികൾ അവരുടെ ഇക്കാമ നമ്പറിൽ അംഗമാകുന്ന കുടുംബിനികൾ പെൻഷൻ അർഹരല്ല. എക്സ് പ്രവാസികൾക്ക് കുടുംബിനികളെ അംഗമാകാൻ അനുവദനീയമല്ല.

24 . ആനുകൂല്യങ്ങൾക്ക് വേണ്ടി അപേക്ഷ നൽകുമ്പോൾ അംഗത്വം സാധുവാണെന്നു ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ ,മരണ സർട്ടിഫിക്കറ്റ് , മരണ കാരണം വ്യക്തമാക്കുന്ന രേഖകൾ, രോഗവും ചികിത്സയും വ്യക്തമായി കാണിക്കുന്ന ഡിസ്ചാർജ് സമ്മറി റിപ്പോർട്ടുകൾ, ചികിത്സക്ക് വേണ്ടി അടച്ച ഫൈനൽ ഡിസ്ചാർജ് ബില്ല് , ജനന തിയ്യതി ഉറപ്പ് വരുത്തുന്നതിനുള്ള സർക്കാർ തലത്തിലുള്ള രേഖകൾ, നാട്ടിലേക്ക് ഇവിടന്ന് പോയ പാസ്സ്പോർട്ട് ഡീറ്റെയിൽസ്, ഇഖാമ , പാസ്സ്പോർട്ട്, എക്സിറ്റ് വിസ പേജുകൾ, തുടങ്ങി സുരക്ഷാ സമിതി ആവശ്യപ്പെടുന്ന എല്ലാ രേഖകളും അയച്ചു തരാൻ കോർഡിനേറ്റര്മാരും അംഗങ്ങളും ബാധ്യസ്ഥരാണ്.